# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1073** — **05.03.2020-ൽ മറുപടിക്ക്**

## <u>സ്കൂളുകളിലെ മതപഠനം</u>

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് സർക്കാർ അംഗീകൃത സ്കൂളുകളിൽ സർക്കാരിന്റെ അനുമതിയില്ലാതെ മതപഠനവും മതശിക്ഷണവും നടത്തുന്ന സാഹചര്യമുണ്ടോ;<br><br>(ബി) അംഗീകൃത സ്വകാര്യ സ്കൂളുകളിൽ സർക്കാരിന്റെ അനുമതിയില്ലാതെ മതപഠനം നടത്തരുതെന്ന് പൊതു വിദ്യാഭ്യാസ സെക്രട്ടറി നിർദ്ദേശം നൽകണമെന്ന് കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്താമോ? | (എ) യും (ബി) യും | ഹിദായ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് ഫയൽ ചെയ്ത WP ( C ) 25006 of 2016 (A) എന്ന കേസിൽ 24.01.2020 – ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്ത് എല്ലാ അംഗീകൃത സ്കൂളുകളിലും സർക്കാർ അനുമതിയോടെ മാത്രമേ മതപഠനം നടത്തുവാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ